## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4270. 24.06.2019 ൽ മറുപടിയ്ക്ക്

**ബാർ അടച്ചുപൂട്ടിയത് മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ബാർ അടച്ചുപൂട്ടിയത് മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കുന്നതിന് 11.10.2014 മുതൽ മദ്യത്തിന്റെ വില്പന നികുതിയിൽ അഞ്ച് ശതമാനം പുനരധിവാസ സെസ് ഏർപ്പെടുത്തിയിരുന്നോ; | (എ) | ഏർപ്പെടുത്തിയിരുന്നു. |
| (ബി) | പ്രസ്തുത സെസ്സിലൂടെ എന്ത് തുകയാണ് സമാഹരിച്ചത്; പ്രസ്തുത തുകയിൽ ബാർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ഇതിനകം ചെലവായ തുക എത്രയാണ്; | (ബി) | 1058.89 കോടി രൂപ സമാഹരിച്ചു. പ്രസ്തുത തുകയിൽ നിന്നും 8,75,45,000/- രൂപ (എട്ടുകോടി എഴുപത്തിയഞ്ച് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം) ബാർ തൊഴിലാളികളുടെ പുനരധിവാസത്തിന്റെ ഭാഗമായി സഹായ ധനമായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ശേഷിക്കുന്ന തുക എന്ത് കാര്യത്തിനാണ് വിനിയോഗിക്കുന്നത് ; വിശദമാക്കുമോ? | (സി) | സർക്കാരിന്റെ 2014-15 വർഷത്തെ മദ്യനയത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പുനരധിവാസം, സുരക്ഷ, സ്വയംതൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 30/01/2019 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം.06/2019/നി.വ. പ്രകാരം "സുരക്ഷാ സ്വയം തൊഴിൽ പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേയ്ക്കുള്ള തുക ടി സെസ്സിൽ നിന്നും സമാഹരിച്ച തുകയിൽനിന്നുമാണ് വിനിയോഗിക്കുന്നത്.<br>കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ |

| | | | |
|---|---|---|---|
| | | | "വിമുക്തി"യുടെ പ്രവർത്തനങ്ങൾക്ക് പുനരധിവാസ സെസ്സിലൂടെ സമാഹരിച്ചതിൽ നിന്നും തുക അനുവദിക്കുന്നതാണെന്നും അതുപ്രകാരം 100 കോടി രൂപയുടെ അനുമതി നൽകിയും 06/10/2016 -ൽ സ.ഉ(എം.എസ്)നം.94/2016/നി.വ. പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**